കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 03 | 2018 |
|---|---|---|

**ശബരിമല പത്രക്കുറിപ്പ്-1**




മീഡിയ സെന്റർ ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam2018@gmail.com


## കുത്തിയോട്ടം അരങ്ങേറി

ശബരിമല: സന്നിധാനം ശ്രീശാസ്താ ഓഡിറ്റോറിയത്തിൽ തിങ്ങിനിറഞ്ഞ തീർഥാടകരെ ഭക്തിയിലാറാടിച്ച് കുത്തിയോട്ടവും ചുവടും അരങ്ങേറി. കായംകുളം ഓണാട്ടുകര ആനന്ദഭൈരവി കുത്തിയോട്ട കലാപീഠത്തിലെ യുവകലാകാരന്മാരാണ് കുത്തിയോട്ടം അവതരിപ്പിച്ചത്. ആനന്ദഭൈരവിയിലെ അനീഷും സംഘവുമാണ് ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ താളത്തിൽ ചുവടുവെച്ചത്.

(പി.ആർ. ശബരി 368)

## അയ്യപ്പസ്വാമിയുടെ പൂങ്കാവനം തീർഥാടകർ പരിപാവനമായി സൂക്ഷിക്കണം: തമിഴ്നാട് മന്ത്രി

ശബരിമല: ശ്രീധർമ്മശാസ്താവ് കുടികൊള്ളുന്ന പൂങ്കാവനം വൃത്തിയിലും വെടിപ്പിലും പരിശുദ്ധമായി കാത്തുസൂക്ഷിക്കാൻ തീർഥാടകർ സന്നദ്ധരാകണമെന്ന് തമിഴ്നാട് സഹകരണവകുപ്പ് മന്ത്രി സെല്ലൂർ കെ രാജു പറഞ്ഞു. ഇരുമുടിക്കെട്ടേന്തി ശബരിമലയിൽ ദർശനം നടത്തിയശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ദർശനത്തിനെത്തുന്ന തീർഥാടകർക്ക് എല്ലാ സൗകര്യങ്ങളും തിരുവിതാംകൂർ ദേവസ്വംബോർഡ് ഒരുക്കിയതായി കാണുന്നതിൽ സന്തോഷമുെ ന്ന് മന്ത്രി പറഞ്ഞു. അയ്യപ്പസ്വാമിയുടെ സന്നിധാനം പുണ്യം നിറഞ്ഞതാണ്. ഇത് നല്ലരീതിയിൽ തുടരണം. ഇവിടെ മാലിന്യരഹിതവുമായിരിക്കാൻ തമിഴ്നാട്ടിൽ നിന്നുൾപ്പടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന ഭക്തന്മാർ പ്രവർത്തിക്കണമെന്ന് മന്ത്രി പറഞ്ഞു. ലോകപ്രശസ്തമായ മധുര മീനാക്ഷിക്ഷേത്രത്തിന്

ശുചിത്വത്തിൽ ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് കിട്ടിയിട്ടു ്. ഇതുപോലെ ശബരിമല ക്ഷേത്രത്തിനും ലഭിക്കട്ടേയെന്ന് പ്രാർഥിക്കുന്നതായി മന്ത്രി പറഞ്ഞു.

(പി.ആർ. ശബരി 369)

## ശബരിമലയിൽ നടവരവ് 12 കോടി

ശബരിമല: മകരവിളക്ക് മഹോത്സവ തീർഥാടനത്തോടനുബന്ധിച്ച് ശബരിമല സന്നിധാനത്തിൽ തിരക്ക് വർധിച്ചു. മകരവിളക്കിന് നട തുറന്നതിനുശേഷം 12കോടിയോളം രൂപയുടെ നടവരവ് ലഭിച്ചതായി ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ വി.എൻ. ചന്ദ്രശേഖരൻ പറഞ്ഞു. ഭക്തരുടെ തിരക്ക് വർധിക്കുന്നത് പരിഗണിച്ച് തീർഥാടകർക്ക് അന്നദാനവും കുടിവെള്ളവും നൽകുന്നു ്. എല്ലാ തീർഥാടകർക്കും സുഖദർശനം സാധ്യമാക്കുന്നതിനും ആവശ്യമുള്ള പ്രസാദങ്ങൾ നൽകുന്നതിനും ഒരുക്കങ്ങൾ നടത്തിയിട്ടുന്നും എക്സിക്യൂട്ടീവ് ഓഫീസർ പറഞ്ഞു.

(പി.ആർ. ശബരി 370)

## മാധ്യമപ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

പോലീസ് സപെഷ്യൽ ഓഫീസർ ശ്രീ. ദേബേഷ്കുമാർ ബെഹ്റ ഐ.പി.എസ്. ഇന്ന്(ജനുവരി മൂന്ന്) വൈകീട്ട് നാലുമണിയ്ക്ക് ദേവസ്വം കോംപ്ലക്സ് കോൺഫറൻസ് ഹാളിൽ വാർത്താസമ്മേളനം നടത്തും. താങ്കൾ പങ്കെടുക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

ഇൻഫർമേഷൻ ഓഫീസർ
മീഡിയ സെന്റർ
സന്നിധാനം

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി JANUARY 03 | 2018 |
|---|---|

ശബരിമല പത്രക്കുറിപ്പ്-2



മീഡിയ സെന്റർ ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam2018@gmail.com

---

# സുരക്ഷാ സംവിധാനങ്ങളുമായി ദ്രുതകർമ്മസേന ഡെമോൺസ്ട്രേഷൻ നടത്തി

ശബരിമല: സന്നിധാനത്തും പരിസരങ്ങളിലും തീർഥാടകരുടെ സുരക്ഷ ഉറപ്പുവരുത്താൻ കേന്ദ്ര ദ്രുതകർമ്മസേന അതീവ ജാഗ്രതയിലാണ്. കോയമ്പത്തൂർ 105 ബറ്റാലിയിൻ റാപ്പിഡ് ആക്ഷൻ ഫോഴ്സാണ് ശബരിമലയിൽ സുരക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത്. മലയാളിയായ ഡെപ്യൂട്ടി കമാൻഡന്റ് ജി. ദിനേഷിന്റെ നേതൃത്വത്തിൽ, 160 സേനാംഗങ്ങളെയാണ് സന്നിധാനം, പാ ിത്താവളം, മരക്കൂട്ടം, സോപാനം എന്നിവിടങ്ങളിൽ വിന്യസിച്ചിരിക്കുന്നത്. അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ സർവസജ്ജമായ സേനാംഗങ്ങളാണ് സന്നിധാനത്തും പരിസരത്തും ഉള്ളത്. കലാപങ്ങളും ആൾക്കൂട്ടങ്ങളുടെ അത്യാഹിതങ്ങളും ഉ ാകുമ്പോൾ ശരീരത്തിൽ ധരിക്കുന്ന അഞ്ജലിബോഡി പ്രൊട്ടക്ടർ, അഗ്നിശമന രക്ഷോപകരണങ്ങൾ എന്നിവ ദ്രുതകർമ്മസേനയ്ക്ക് ലഭ്യമായിട്ടു ്. പതിനെട്ടാംപടിയ്ക്ക് സമീപമുള്ള കേന്ദ്രത്തിലാണ് ഇവ സജ്ജീകരിച്ചിരിക്കുന്നത്. പതിനെട്ടാംപടിയ്ക്ക് താഴെയുള്ള ആൽമരച്ചുവട്ടിൽ ഇവയുടെ ഡെമോൺസ്ട്രേഷൻ സേനാംഗങ്ങൾ നടത്തി. 3.75 കിലോഗ്രാം തൂക്കമുള്ള പടച്ചട്ടയുടെ മാതൃകയുള്ള ഫൈബർ ബോഡി പ്രൊട്ടക്ടർ, കാലുറ, ഹെൽമെറ്റ് തുടങ്ങിയവയാണ് പ്രദർശിപ്പിച്ചത്. മകരവിളക്കിനോട് അനുബന്ധിച്ച് സന്നിധാനത്തും പരിസരത്തും തീർഥാടകരുടെ വൻതിരക്കിന് സാധ്യതയുള്ളതിനാൽ ആർ.എ.എഫിന്റെ വ്യോമനിരീക്ഷണ സംവിധാനമായ നേത്ര-ഡ്രോൺ പരീക്ഷണപരിശോധന നടത്തി. കേന്ദ്ര ദ്രുതകർമ്മസേനയുടെ സെക്കന്റ് ഇൻ കമാൻഡർ എസ്.കെ. ദുബെ ര ് ദിവസമായി സന്നിധാനത്ത് ക്യാമ്പ് ചെയ്ത് സുരക്ഷാക്രമീകരണങ്ങൾ വിലയിരുത്തി. പഴുതടച്ച സുരക്ഷ ഉറപ്പുവരുത്തുകയാണ് ലക്ഷ്യമെന്ന് ഡെപ്യൂട്ടി കമാൻഡന്റ് ജി. ദിനേഷ് പറഞ്ഞു.

(പി.ആർ. ശബരി 371)

## രോഗപ്രതിരോധത്തിന് പ്രാധാന്യം നൽകി ഹോമിയോപ്പതി വകുപ്പ്

ശബരിമല: ശബരിമലയിൽ തീർഥാടനത്തിന് എത്തുന്നവർക്കും ജോലിചെയ്യുന്നവർക്കും രോഗപ്രതിരോധത്തിന് ഊന്നൽ നൽകി ഹോമിയോപ്പതി വകുപ്പ് പ്രതിരോധമരുന്ന് വിതരണം ചെയ്തു. ഇതിനായി വകുപ്പിന്റെ കീഴിൽ ദ്രുതകർമ്മ സാക്രിനിക രോഗ നിയന്ത്രണ വിഭാഗം പ്രവർത്തിക്കുന്നു. ഈ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ സന്നിധാനത്തും പരിസരപ്രദേശങ്ങളിലുമുള്ള സ്ഥാപനങ്ങളിലും സ്റ്റാളുകളിലുമായി ജോലി ചെയ്യുന്ന 2000 പേർക്ക് പകർച്ചവ്യാധി പ്രതിരോധമരുന്ന് വിതരണം ചെയ്തു. ചിക്കൻപോക്സ്, വയറിളക്കം, ചെങ്കണ്ണ്, വൈറൽ പനി തുടങ്ങിയ പകർച്ചവ്യാധികൾക്ക് മുൻകരുതലായാണ് മരുന്ന് നൽകിയത്. ദേവസ്വംബോർഡ് ജിവനക്കാർ, ധനലക്ഷ്മിബാങ്ക് ജീവനക്കാർ, ഹോട്ടലുകളിലും സ്റ്റാളുകളിലും ജോലി ചെയ്യുന്നവർ തുടങ്ങിയവർക്കാണ് മരുന്നുകൾ വിതരണം ചെയ്തത്. മരുന്ന് അഞ്ചുദിവസം തുടർച്ചയായി കഴിച്ചാൽ പ്രതിരോധശേഷി ലഭിക്കും. ആവശ്യപ്പെടുന്ന തീർഥാടകർക്ക് പ്രതിരോധമരുന്ന് വിതരണം ചെയ്യുന്നു ്.

സന്നിധാനത്തും പമ്പയിലുമായി ര ് ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നു ്. ഇവിടെ ര ുവീതം ഡോക്ടർമാരുടേയും നാലുവീതം പാരാമെഡിക്കൽസ് ജീവനക്കാരുടേയും 24 മണിക്കൂർ സേവനം ലഭ്യമാക്കിയിട്ടു ്. സന്നിധാനം ഹോമിയോ ഡിസ്പെൻസറിയിൽ ഡോ. എം. പ്രേമചന്ദ്രൻ ചീഫ് മെഡിക്കൽ ഓഫീസറും ഡോ. അരുൺകൃഷ്ണൻ മെഡിക്കൽ ഓഫീസറുമാണ്. പമ്പയിൽ ഡോ. മുഹമ്മദ് ഷെഫീക്ക് ചീഫ് മെഡിക്കൽ ഓഫീസറായും ഡോ. സാജൻ ചെറിയാൻ മെഡിക്കൽ ഓഫീസറുമായും ചികിൽസയ്ക്ക് മേൽനോട്ടം വഹിക്കുന്നു.

അടിസ്ഥാന വൈദ്യപരിശോധന സൗകര്യം ര ് മെഡിക്കൽ ഡിസ്പെൻസറികളിലും ലഭ്യമാണ്. ബി.പി, ഷുഗർ എന്നിവ പരിശോധിക്കുന്നതിനും സൗകര്യം ഏർപ്പെടുത്തിയിട്ടു ്. ഇതിനുപുറമെ രോഗ നിർണയവും ചികിൽസയും നൽകുന്നു. പ്രത്യേകചികിൽസ ആവശ്യമായവർക്ക് നിർദേശങ്ങൾ നൽകുകയും ചെയ്യുന്നു ്. ദിവസവും മലകയറിവരുന്ന ഭക്തന്മാർക്ക് വേദന നിവാരണവുമായി ബന്ധപ്പെട്ട് കുഴമ്പ്, ഓയിൽ തുടങ്ങിയവ പുരട്ടാനായി നൽകുന്നു. ദിവസവും തീർഥാടകരായ മുന്നൂറിലധികം രോഗികൾക്ക് സൗജന്യമരുന്ന് വിതരണം ചെയ്യുന്നു ്.

(പി.ആർ. ശബരി 372)

## മാധ്യമപ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

പോലീസ് സപെഷ്യൽ ഓഫീസർ ശ്രീ. ദേബേഷ്കുമാർ ബെഹ്റ ഐ.പി.എസ്. ഇന്ന്(ജനുവരി മൂന്ന്) വൈകീട്ട് നാലുമണിയ്ക്ക് ദേവസ്വം കോംപ്ലക്സ് കോൺഫറൻസ് ഹാളിൽ വാർത്താസമ്മേളനം നടത്തും. താങ്കൾ പങ്കെടുക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

ഇൻഫർമേഷൻ ഓഫീസർ
മീഡിയ സെന്റർ
സന്നിധാനം

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി JANUARY | 03 | 2018 |
|---|---|---|

ശബരിമല പത്രക്കുറിപ്പ്-3



മീഡിയ സെന്റർ ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam2018@gmail.com

---

## വിധിയെ നേരിട്ട രാമലക്ഷ്മണന്മാർക്ക് അയ്യപ്പസന്നിധിയിൽ ദർശനസുകൃതം

ശബരിമല: രാമലക്ഷ്മണന്മാർ ഇരട്ട സഹോദരങ്ങളാണ്. ചെന്നൈ രായപുരത്തുനിന്നും ദർശനത്തിനെത്തിയ അയ്യപ്പഭക്തർ. ഇരുവർക്കും കാലുകൾക്ക് ചലനശേഷിയില്ല. എങ്കിലും വിധിയുടെ വെല്ലുവിളികളെ നിസ്വാർഥഭക്തിയാൽ അതിജീവിക്കാനാകുമെന്ന് ഇരുവരും തെളിയിച്ചു. ഇരുമുടിക്കെട്ടുമേന്തി പതിനെട്ട് പടികളും ചവിട്ടിയാണ് രാമലക്ഷ്മണന്മാർ കലിയുഗവരദനെ ദർശിച്ചത്. ലക്ഷ്മണൻ പതിനൊന്നാംതവണയാണ് മലചവിട്ടുന്നത്. രാമൻ കന്നിസ്വാമിയാണ്. ചെന്നൈയ്ക്ക് സമീപം  രായപുരത്തെ രാമമൂർത്തിയുടേയും മുനിയമ്മയുടേയും മക്കളാണിവർ. ഇരുവരും ബിരുദധാരികളാണ്. അവിടെ ബിസിനസ് നടത്തുകയാണിവർ. ഗുരുസ്വാമി ശേഖറിന്റെ നേതൃത്വത്തിലുള്ള തീർഥാടകസംഘത്തോടൊപ്പമാണ് ഇരുവരും സന്നിധാനത്ത് എത്തിയത്. അയ്യപ്പസ്വാമിയെക ് വണങ്ങുമ്പോൾ ലഭിക്കുന്ന ആത്മസായൂജ്യം അനുഭവിക്കാനാണ് വന്നതെന്നും സുഖദർശനം സാധ്യമായതിനാൽ മനംനിറഞ്ഞുവെന്നും രാമലക്ഷ്ണന്മാർ പറഞ്ഞു.

(പി.ആർ. ശബരി 373)

## അയ്യപ്പഭക്തൻ കുഴഞ്ഞുവീണ് മരിച്ചു

ശബരിമല: ശബരിമല തീർഥാടനത്തിനെത്തിയ അയ്യപ്പഭക്തൻ ശരംകുത്തിയ്ക്ക് അടുത്ത് കുഴഞ്ഞുവീണ് മരിച്ചു. ബാംഗ്ളൂർ ദയാനന്ദനഗർ സ്വദേശി പ്രകാശ്(44)ആണ് മരിച്ചത്.

നടപ്പന്തലിന് സമീപത്തെ സർക്കാർ ആശുപത്രിയിൽ എത്തിച്ച് ഡോക്ടർമാർ അടിയന്തിര ചികിൽസ നൽകിയെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

(പി.ആർ. ശബരി 374)

## പുണ്യംപൂങ്കാവനം പദ്ധതിയിൽ പ്രതിപക്ഷനേതാവ് പങ്കാളിയായി

ശബരിമല: ശബരിമലയെ മാലിന്യവിമുക്തമാക്കുന്നതിനുള്ള പുണ്യംപൂങ്കാവനം പദ്ധതിയുടെ ഭാഗമായി നടന്ന ശുചീകരണത്തിൽ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല പങ്കാളിയായി. കഴിഞ്ഞദിവസം(ജനുവരി മൂന്നിന്) രാവിലെ സന്നിധാന പരിസരത്ത് ശുചീകരണപ്രവർത്തനങ്ങളുടെ ഉദ്ഘാടനം അദ്ദേഹം നിർവഹിച്ചു. കഴിഞ്ഞദിവസം ഇരുമുടിക്കെട്ടുമേന്തി ദീപാരാധന ദർശിച്ച പ്രതിപക്ഷനേതാവ് മാളികപ്പുറത്തും വാവരുനടയിലും ദർശനം നടത്തിയാണ് മടങ്ങിയത്.

(പി.ആർ. ശബരി 375)

## മകരവിളക്ക്: സുരക്ഷയുടെ ഭാഗമായി 3000 പോലീസ് ഉദ്യോഗസ്ഥരെ വിന്യസിക്കും- ദേബേഷ്കുമാർ ബെഹ്റ

ശബരിമല: ശബരിമലയിൽ മകരവിളക്ക് സമയത്ത് സന്നിധാനത്തും പമ്പയിലും പരിസരപ്രദേശങ്ങളിലുമായി 3000 പോലീസ് ഉദ്യോഗസ്ഥരെ വിന്യസിക്കുമെന്ന് പോലീസ് സ്പെഷ്യൽ ഓഫീസർ ദേബേഷ്കുമാർ ബെഹ്റ അറിയിച്ചു. ശബരിമലയിൽ സ്പെഷ്യൽ ഓഫീസറായി ചുമതലയേറ്റ ശേഷം ആദ്യമായി മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.  ഇതിൽ 1800 പേരെ സന്നിധാനത്ത് മാത്രമായി വിന്യസിക്കും. ബാക്കിയുള്ളവരെ പമ്പയിലും പരിസരപ്രദേശത്തുമായി നിയോഗിക്കും. സുരക്ഷയുടെ ഭാഗമായി മകരവിളക്ക് സമയത്ത് ഭക്തന്മാർ ക്യാമ്പ് ചെയ്യുന്ന സ്ഥലങ്ങൾ ക ത്തിയിട്ടു ്. ഈ പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നതിനും ബാരിക്കേഡുകൾ നിർമിക്കുന്നതിനുമുള്ള നടപടികൾ പൂർത്തിയായി വരുന്നു. അടുത്ത കാലത്തായി റോഡുകൾ, ബിൽഡിങ്ങുകൾ തുടങ്ങിയവ നിർമിച്ചതിനാലാൽ  കൂടുതൽ സ്ഥലങ്ങളിൽ ബാരിക്കേഡുകൾ നിർമിക്കേ തായി വന്നിട്ടു ്. മകരവിളക്കുമായി ബന്ധപ്പെട്ട സുരക്ഷാ സജ്ജീകരണങ്ങൾ ജനുവരി പത്തിനകം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനസമിതിയോഗം ചേർന്നിട്ടു ്. പുൽമേട്ടിലും പരിസരത്തും സുരക്ഷാക്രമീകരണത്തിന് പ്രത്യേക പോലീസ് മേധാവിയെ നിയമിക്കും.

പതിനെട്ടാംപടിയ്ക്ക് സമീപം ഭക്തരെ വേഗത്തിൽ കയറ്റിവിടുന്നതിന് ഊർജ്ജസ്വലരായ പോലീസ് ട്രെയിനികളെയാണ് നിയമിച്ചിരിക്കുന്നത്. മിനിറ്റിൽ 60 ഓളംപേരെ നിലവിൽ കയറ്റിവിടുന്നു ്. മകരവിളക്കിനോട് അനുബന്ധിച്ച് ഇത് മിനിറ്റിൽ 90 പേരെയാക്കി വർധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഭക്തൻമാരെ ക്യൂവിൽ പ്രത്യേക സെക്മെന്റുകളായി തിരിച്ച് സാവകാശം നൽകിയാണ് കടത്തിവിടുന്നത്. ശരംകുത്തി മുതൽ മരക്കൂട്ടം വരെയുള്ള ഭാഗങ്ങളിൽ ഭക്തർക്ക് വെള്ളവും ബിസ്ക്കറ്റും നൽകുന്നതിന് കൂടുതൽ സന്നദ്ധസേവകരെ നിയോഗിക്കുന്നതിന് ആവശ്യപ്പെട്ടിട്ടു ്. സുരക്ഷയുടെ ഏകോപനവുമായി ബന്ധപ്പെട്ട് എ.ഡി.ജി.പി. പ്രത്യേകയോഗം വിളിച്ച് ചേർക്കുമെന്നും അദ്ദേഹം അറിയിച്ചു. പത്രസമ്മേളനത്തിൽ അസിസ്റ്റന്റ് സ്പെഷ്യൽ ഓഫീസർ രമേശ്കുമാർ പങ്കെടുത്തു.

(പി.ആർ. ശബരി 376)

ഫോട്ടോ ക്യാപ്ഷൻ-രാമലക്ഷ്മണന്മാർ സന്നിധാനത്ത്


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
|---|---|---|
| **JANUARY** | **03** | **2018** |



ശബരിമല പത്രക്കുറിപ്പ്-4


മീഡിയ സെന്റർ ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam2018@gmail.com


## മകരവിളക്ക്: മുന്നൊരുക്കങ്ങൾ 10ന് മുമ്പ് പൂർത്തിയാക്കും - ജില്ലാ കളക്ടർ

ശബരിമല: മകരവിളക്കുമായി ബന്ധപ്പെട്ട് തീർഥാടകരുടെ സൗകര്യാർഥം സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും ഏർപ്പെടുത്തേ എല്ലാ മുന്നൊരുക്കങ്ങളും ഈ മാസം 10ന് മുമ്പ് പൂർത്തിയാക്കാൻ ജില്ലാ കളക്ടർ ആർ.ഗിരിജ എല്ലാ വകുപ്പുകൾക്കും തദ്ദേശഭരണ സെക്രട്ടറിമാർക്കും നിർദേശം നൽകി. 14ന് നടക്കുന്ന ശബരിമല മകരവിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തേ ക്രമീകരണങ്ങൾ വിലയിരുത്തുന്നതിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെയും തദ്ദേശഭരണ ഭാരവാഹികളുടെയും യോഗത്തിൽ സംസാരിക്കുകയായിരുന്നു കളക്ടർ. മകരവിളക്ക് ദർശനത്തിനായി ജില്ലയിൽ എട്ട് വ്യൂപോയിന്റുകളാണുള്ളത്. ഇവിടങ്ങളിൽ കൂടുതലായി ഏർപ്പെടുത്തേ ക്രമീകരണങ്ങളെക്കുറിച്ച് വിവിധ വകുപ്പ് ഉദ്യോഗസ്ഥർ യോഗത്തിൽ വിശദീകരിച്ചു.

പോലീസിന്റെ ആഭിമുഖ്യത്തിൽ നിർമിക്കേ ബാരിക്കേഡുകൾ 10ന് മുമ്പ് പൂർത്തിയാക്കത്തക്കവിധം പണികൾ പുരോഗമിക്കുന്നതായി ജില്ലാ പോലീസ് മേധാവി സതീഷ് ബിനോ അറിയിച്ചു. സന്നിധാനം, പമ്പ, എരുമേലി എന്നിവിടങ്ങളിൽ എസ്പി റാങ്കിലുള്ള ഉദ്യോഗസ്ഥരായിരിക്കും പോലീസിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. ഇതിന് പുറമേ വിവിധ സ്ഥലങ്ങളിലെ ഏകോപനത്തിനായി ആറ് ജൂനിയർ ഐപിഎസ് ഓഫീസർമാർ അടങ്ങുന്ന ടീമുകളെയും നിയോഗിക്കും. സുരക്ഷ ഉറപ്പാക്കുന്നതിനായി ഡ്രോൺ ക്യാമറകൾ ഉപയോഗിക്കും. തീർഥാടന കാലത്ത് സ്ഥിരമായി ക്യാമറകളിൽ പതിഞ്ഞിട്ടുള്ള സംശയാസ്പദമായ ചുറ്റുപാടുകളുള്ളവരെ നിരീക്ഷിച്ച് അപ്പോൾ തന്നെ ഇവരുടെ വിവരങ്ങൾ കൺട്രോൾ റൂമുകളിൽ ലഭ്യമാക്കുന്നതിനുള്ള പ്രത്യേക ക്യാമറ നിരീക്ഷണവും സന്നിധാനത്തും പമ്പയിലും ഏർപ്പെടുത്തും. സന്നിധാനത്ത് ഐജി

റാങ്കിലുള്ള ര ് ഉദ്യോസ്ഥർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഉ ാകുമെന്നും എസ്പി പറഞ്ഞു.

മകരജ്യോതി ദർശനത്തിനായി തീർഥാടകർ തടിച്ചുകൂടുന്ന ജില്ലയിലെ എട്ട് വ്യൂ പോയിന്റുകളിൽ ഏർപ്പെടുത്തേ അധിക ക്രമീകരണങ്ങൾ സംബന്ധിച്ച് ദുരന്തനിവാരണ വിഭാഗം അവതരണം നടത്തി. സ്വാമി അയ്യപ്പൻ റോഡിൽ തീർഥാടകർ സുരക്ഷിതമല്ലാത്ത ഇടവഴികൾ ഉപയോഗിച്ച് പ്രധാന റോഡുകളിലേക്ക് പ്രവേശിക്കുന്നത് തടയാനായി ബാരിക്കേഡുകൾക്ക് പുറമേ മെഷ് കൂടി ഉപയോഗിക്കും. തീർഥാടകർ കൂടുതലായി എത്തുന്ന സ്ഥലങ്ങളിൽ ആവശ്യത്തിന് വെളിച്ചം ലഭ്യമാക്കുന്നതിനായി നിലവിലുള്ള ട്യൂബ് ലൈറ്റുകൾക്ക് പുറമേ ഫയർഫോഴ്സിന്റെയും പോലീസിന്റെയും കൈവശമുള്ള അസ്ക ലൈറ്റുകളും ഉപയോഗിക്കും. അട്ടത്തോട് റോഡിൽ അധികമായി 10 ട്യൂബ് ലൈറ്റുകളും ഇലവുങ്കലിൽ 30 ഫ്ളൂറസന്റ് ലൈറ്റുകളും അധികമായി സ്ഥാപിക്കും. വനം വകുപ്പിന്റെ അധീനതയിലുള്ള തിരുവാഭരണ പാതയിൽ കാട് തെളിക്കുന്ന പ്രവർത്തികൾ നാല് ദിവസത്തിനുള്ളിൽ പൂർത്തിയാക്കും.

തിരുവാഭരണ ഘോഷയാത്ര പുറപ്പെടുന്ന ദിവസമായ 12ന് പന്തളത്ത് ഏർപ്പെടുത്തേ ക്രമീകരണങ്ങൾ ചർച്ച ചെയ്യുന്നതിന് അടൂർ ആർഡിഒയുടെയും ദേവസ്വം ബോർഡ് പ്രസിഡന്റിന്റെയും സാന്നിധ്യത്തിൽ നാളെ (അഞ്ചിന്) പന്തളത്ത് അവലോകന യോഗം ചേരും. പന്തളം നഗരസഭയുടെ അധീനതയിലുള്ള പ്രദേശങ്ങളിൽ വൻതോതിൽ മാലിന്യം കുമിഞ്ഞുകൂടിയിട്ടു ്. ഇക്കാര്യത്തിൽ നഗരസഭയുടെ ഭാഗത്തുനിന്ന് അനാസ്ഥ ഉ ായിട്ടുള്ളതായി കളക്ടർ പറഞ്ഞു. തീർഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് അലംഭാവം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ ഉ ാകുമെന്നും കളക്ടർ പറഞ്ഞു. ര ് ദിവസത്തിനുള്ളിൽ പന്തളം നഗരസഭയുടെ പരിധിയിലുള്ള എല്ലാ മാലിന്യങ്ങളും പൂർണമായി നീക്കം ചെയ്യാൻ നഗരസഭ അധികൃതർക്ക് കളക്ടർ കർശന നിർദേശം നൽകി. മാലിന്യ നീക്കത്തിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഭാഗത്തുനിന്നു ാകുന്ന വീഴ്ചകൾക്ക് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ മറുപടി പറയേ ിവരുമെന്നും കളക്ടർ പറഞ്ഞു.

വാട്ടർ അതോറിറ്റി മകരവിളക്ക് ദിവസങ്ങളിലെ ഉപയോഗത്തിനായി നിലയ്ക്കലിൽ 3000 കിലോ ലിറ്റർ കുടിവെള്ളം അധികമായി കരുതും. മകരവിളക്ക് ദിനത്തിൽ വൈകിട്ട് വാട്ടർ അതോറിറ്റിയുടെ ടാങ്കറുകൾ കെഎസ്ആർടിസി ചെയിൻ സർവീസ് ആരംഭിക്കുന്നതിന് മുമ്പ് വിവിധ സ്ഥലങ്ങളിലേക്ക് ആവശ്യത്തിന് ജലം എത്തിക്കും. മുൻവർഷം കെഎസ്ആർടിസി ചെയിൻ സർവീസ് ആരംഭിച്ചശേഷം പമ്പയിലേക്ക് വാട്ടർ അതോറിറ്റിയുടെ ടാങ്കറുകളിൽ ജലം എത്തിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിട്ടതിന്റെ അടിസ്ഥാനത്തിലാണ് നേരത്തേ തന്നെ ജലം എത്തിക്കുന്നതിന് തീരുമാനിച്ചത്.

കെഎസ്ആർടിസി 1000 ബസുകൾ മകരവിളക്ക് ദിനത്തിൽ സർവീസ് നടത്തും. മകരവിളക്ക് ദർശനത്തിന് ശേഷം കെഎസ്ആർടിസി ര ് ട്രിപ്പ് ചെയിൻ സർവീസുകൾ നിലയ്ക്കലേക്ക് പൂർത്തിയാക്കിയ ശേഷം മാത്രമേ പമ്പയിലേക്ക് സ്വകാര്യ വാഹനങ്ങൾ കടത്തിവിടുകയുള്ളൂ.മുൻ വർഷം മകരവിളക്ക് ദിവസം കെഎസ്ആർടിസി ബസുകൾ സർവീസ് നടത്തുന്നതിന് ഉ ായ ബുദ്ധിമുട്ട് ഇത്തവണ ഒഴിവാക്കുന്നതിനായി കെഎസ്ആർടിസിയും പോലീസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കോന്നി തഹസീൽദാരെ ലെയ്സൺ ഓഫീസറായി നിയമിക്കും.

അഖില ഭാരത അയ്യപ്പസേവാസംഘം 12,13,14 തീയതികളിൽ ശരംകുത്തി, ശബരിപീഠം, അപ്പാച്ചിമേട്, വലിയനടപ്പന്തൽ, പാ ിത്താവളം തുടങ്ങിയ സ്ഥലങ്ങളിൽ കുടിവെള്ള വിതരണത്തിന് മാത്രമായി 100 സന്നദ്ധ സേവകരെ അധികമായി നിയോഗിക്കും. മണ്ഡലപൂജ ദിവസം തീർഥാടക ബാഹുല്യത്തിൽ കുടിവെള്ളം

എത്തിക്കാൻ വൈകിയ സാഹചര്യത്തിലാണ് കൂടുതൽ സന്നദ്ധ പ്രവർത്തകരെ മകരവിളക്ക് ദിവസം നിയോഗിക്കാൻ തീരുമാനിച്ചത്. ഈ മാസം 13,14,15 തീയതികളിൽ ജില്ലയിൽ ടിപ്പർ ലോറികൾ നിരോധിക്കും. 10 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ ഗവിയിലേക്കുള്ള യാത്രയും നിരോധിക്കും. ടിപ്പർലോറി, ഗവി യാത്ര നിയന്ത്രണങ്ങൾക്കുള്ള ശുപാർശകൾ എത്രയും പെട്ടെന്ന് തയാറാക്കി സമർപ്പിക്കാൻ ജില്ലാ കളക്ടർ മോട്ടോർവാഹന വകുപ്പിനും വനം വകുപ്പിനും നിർദേശം നൽകി.

മകരവിളക്കിന് മുമ്പുള്ള ദിവങ്ങളിൽ സന്നിധാനത്ത് തീർഥാടക ബാഹുല്യം അമിതമായാൽ തീർഥാടകരെ വിവിധ ഇടത്താവളങ്ങളിൽ നിയന്ത്രിക്കും. ഇതിനായി ഇടത്താവളങ്ങളിൽ ഭക്ഷണം ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ വേ ിവന്നാൽ ഏർപ്പെടുത്താനുള്ള മുൻകരുതലുകളും സ്വീകരിക്കും. വടശേരിക്കര, റാന്നി-പെരുനാട്, പത്തനംതിട്ട എന്നിവിടങ്ങളിലെ ഇടത്താവളങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ 13,14 തീയതികളിൽ ഏർപ്പെടുത്തും. എല്ലാ വകുപ്പുകളിലെയും ഉന്നത ഉദ്യോഗസ്ഥർ 13,14, 15 തീയതികളിൽ സന്നിധാനത്ത് ഉ ാകണമെന്ന് മുഖ്യമന്ത്രി നിർദേശം നൽകിയിട്ടുള്ളതായി കളക്ടർ അറിയിച്ചു.

തിരുവാഭരണ ഘോഷയാത്ര പുറപ്പെടുന്ന 12ന് പന്തളത്ത് സുരക്ഷയ്ക്കായുള്ള ക്രമീകരണങ്ങൾ പോലീസ് ഏർപ്പെടുത്തും. തിരുവാഭരണ ഘോഷയാത്രയെ അനുമഗിക്കുന്നതിന് പോലീസിന്റെയും റവന്യു വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും സംഘങ്ങളെ നിയോഗിച്ചിട്ടു ്. തിരുവാഭരണം കടന്നുപോകുന്ന പേരൂർചാൽ പാലത്തിന്റെ സമീപം താത്ക്കാലിക അപ്രോച്ച് റോഡ് മൂന്ന് ദിവസത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് പൊതുമരാമത്ത് അധികൃതർ അറിയിച്ചു. തിരുവാഭരണ ഘോഷയാത്ര കടന്നുപോകുന്ന പാതകളിലെ അന്തിമ ക്രമീകരണങ്ങൾ ഈ മാസം 10ന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർ വിലയിരുത്തി കളക്ടർക്ക് റിപ്പോർട്ട് നൽകും.

അടിയന്തര സാഹചര്യങ്ങൾ ഉ ായാൽ നേരിടുന്നതിന് ആരോഗ്യ വകുപ്പ് എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തും. 13ന് വിവിധ ഇടത്താവളങ്ങൾ കേന്ദ്രീകരിച്ച് ആംബുലൻസുകൾ സജ്ജമാക്കും. സന്നിധാനത്ത് തീർഥാടകർക്ക് പന്നിയുടെ കടിയേറ്റ വിഷയം അടിയന്തരമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഫോറസ്റ്റിന്റെ വെറ്ററിനറി വിഭാഗത്തിന് ജില്ലാ കളക്ടർ നിർദേശം നൽകി.

യോഗത്തിൽ എഡിഎം അനു എസ്.നായർ, ആർഡിഒമാരായ എം.എ റഹിം, പി.കെ.വിനീത്, ദുരന്തനിവാരണം ഡെപ്യൂട്ടി കളക്ടർ പി.റ്റി.എബ്രഹാം, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, അയ്യപ്പസേവാസംഘം ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ. ശബരി 377)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.